**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6578 **21.11.2019-ൽ മറുപടിയ്ക്ക്**

**എനിമി പ്രോപ്പർട്ടി വിട്ടുകിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ**

**ചോദ്യം :**

**ശ്രീ.ടി. വി. ഇബ്രാഹിം**

**,, കെ.എൻ.എ ഖാദർ**

**,, സി.മമ്മൂട്ടി**

**,, മഞ്ഞളാംകുഴി അലി**

**മറുപടി :**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | എനിമി പ്രോപ്പർട്ടിയായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഭൂമി പൊതു ആവശ്യത്തിനുവേണ്ടി സംസ്ഥാന സർക്കാരിന് ഉപയോഗിക്കാം എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എനിമി പ്രോപ്പർട്ടിവസ്തുക്കൾ സംസ്ഥാന സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാം എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ എനിമി പ്രോപ്പർട്ടി പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് വിട്ടുകിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ; | (ബി) | ബാധകമല്ല |
| (സി) | എനിമി പ്രോപ്പർട്ടിയിൽ സംസ്ഥാന സർക്കാരിന് ഏതെല്ലാം പൊതു ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാൻ അനുവാദമുള്ളതെന്ന് അറിയിക്കാമോ; | (സി) | എനിമി പ്രോപ്പർട്ടിവസ്തുക്കൾ സംസ്ഥാന സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി ലഭ്യമായിട്ടില്ല. |
| (ഡി) | മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിലുള്ള എനിമി പ്രോപ്പർട്ടിയെ കുറിച്ചുള്ള വിവരങ്ങൾ നൽകാമോ? | (ഡി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ ചീക്കോട്, ചെറുകാവ്, നെടിയിരിപ്പ് വില്ലേജുകളിലായി 14 എനിമി പ്രോപ്പർട്ടി വസ്തുക്കൾ നിലവിലുള്ളതായി മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചീക്കോട് വില്ലേജിലെ 54/4-1, 54/4-2, 174/2-2, 41/22, 41/8, 296/1, 316/2 സർവ്വെ നമ്പരുകളിലായി 6 എനിമി പ്രോപ്പർട്ടി ഭൂമിയും ചെറുകാവ് വില്ലേജിലെ 54/1, 54/2, 59/1 സർവ്വെ നമ്പരുകളിലായി 7 എനിമി പ്രോപ്പർട്ടി വസ്തുക്കളും, നെടിയിരിപ്പ് വില്ലേജിൽ സർവ്വെ നമ്പർ 273/6-ൽ ഒരു എനിമി പ്രോപ്പർട്ടിയും ഇതിൽ ഉൾപ്പെടുന്നു. |

**സെക്ഷൻ ഓഫീസർ**